# ST. JOHN'S UP SCHOOL KALOOR




# Academic Master plan

## 2025-26



# ST. JOHN’S UP SCHOOL

# KALOOR

# ACADEMIC MASTER PLAN 2025-26

**OUR VISION**

***“Nurturing Tomorrow”***

**OUR MISSION**

***“Mould the child, gifted and talented by igniting their minds to meet the challenges.”***

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : സെന്റ് ജോൺസ് യു പി സ്കൂൾ കലൂർ

മേൽവിലാസം : കലൂർ പി, ഓ, കല്ലൂർക്കാട്, മൂവാറ്റുപുഴ

സ്കൂൾ കോഡ് :28221

വിദ്യാഭ്യാസ ഉപജില്ല :കല്ലൂർക്കാട്

വിദ്യാഭ്യാസ ജില്ല :മൂവാറ്റുപുഴ

റവന്യു ജില്ല :എറണാകുളം

ബി ആർ സി :കല്ലൂർക്കാട്

സി ആർ സി :ജി എൽ പി എസ് മണിയന്തറം

ഗ്രാമ പഞ്ചായത്ത് :കല്ലൂർക്കാട്

ബ്ലോക്ക് പഞ്ചായത്ത് :മൂവാറ്റുപുഴ

ജില്ലാ പഞ്ചായത്ത് :എറണാകുളം

നിയമസഭാ മണ്ഡലം :മൂവാറ്റുപുഴ

ലോകസഭാ മണ്ഡലം :ഇടുക്കി

താലൂക്ക് :മൂവാറ്റുപുഴ

വില്ലേജ് :കല്ലൂർക്കാട്

ഇ മെയിൽ വിലാസം :sjupskaloor1608@gmail.com

ഫേസ്ബുക് :St. Johns UP school Kaloor

സ്കൂൾ വിക്കി :St. John’s UP school Kaloor

യൂട്യൂബ് :St. Johns UP School Kaloor, Kalloorkkad

# ആമുഖം

നവ കേരള മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരുക്കിയിരിക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. കോവിഡാനന്തരം കുട്ടികളിൽ ഉള്ള വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ് . പഠന പ്രവർത്തനങ്ങൾ ശിശു സൗഹൃദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും പദ്ധതി ലക്ഷ്യം ഇടുന്നു.

| മികവുകൾ | പരിമിതികൾ |
|---|---|
| ❖ അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപക സമൂഹം.<br>❖ മികച്ച പഠന അന്തരീക്ഷം .<br>❖ പഠന വിടവ് പരിഹരിക്കുന്നതിനുതകുന്ന പ്രത്യേക പരിശീലനങ്ങൾ.<br>❖ കലാ കായിക പ്രവർത്തിപരിചയ പഠനങ്ങൾക്ക് പ്രത്യേക പരിശീലനം<br>❖ വായന അഭിവൃദ്ധിപ്പെടുത്താനുതകുന്ന വാർത്ത അവതരണം.<br>❖ ശുഭ ചിന്ത വളർത്തുന്നതിനായി എല്ലാ പ്രവർത്തി ദിവസങ്ങളിലും ചിന്താവിഷയം.<br>❖ പൊതു വിജ്ഞാന പരിപോഷണം<br>❖ പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു.<br>❖ മികവുറ്റ കളിസ്ഥലം.<br>❖ സുസജ്ജമായ ഗ്രന്ഥശാല.<br>❖ ജൈവ വൈവിധ്യ ഉദ്യാനം .<br>❖ ആധുനിക സകാര്യങ്ങളോട് കൂടിയുള്ള പ്രീ സ്കൂൾ വിദ്യാഭ്യാസം.<br>❖ അത്യാകർഷകമായ ക്ലാസ് മുറികൾ.<br>❖ മികച്ച യോഗാ പരിശീലനം.<br>❖ ആധുനിക സജ്ജീകരണങ്ങളുള്ള കമ്പ്യൂട്ടർ ലാബ്.<br>❖ കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് പരിശീലനം.<br>❖ മൂല്യ ബോധന ക്ലാസുകൾ . | ❖ മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>❖ ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാൻ ഉണ്ട്.<br>❖ വായനക്ക് കൂടുതൽ പ്രോത്സാഹനം നല്കുന്നുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്തുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br>❖ LSRW എല്ലാവരിലും കൈവരിക്കാൻ സാധിച്ചിട്ടില്ല.<br>❖ ക്ലാസ് മുറികൾക്ക് പുറമേയുള്ള പഠനാന്തരീക്ഷം ഒരുക്കി നല്കാൻ സാധിക്കുന്നില്ല.<br>❖ ജൈവ വൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്തുന്നതിൽ കുട്ടികൾ പൂർണ്ണമായി തല്പരരല്ല .<br>❖ ഗ്രന്ഥ ശാലയുടെ സൗകര്യം ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല. |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ

### മലയാളം

- എല്ലാ കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനും പ്രാപ്തരാക്കുക.
- അനുയോജ്യമായ തരത്തിലുള്ള ആശയ വിനിമയ ശേഷി ലഭ്യമാക്കുക.
- സർഗാത്മക രചനക്കുള്ള അവസരങ്ങൾ നൽകുക.
- ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള കഴിവ് സമ്പാദിക്കുക.
- ഭാഷാ വികസനത്തിനായി ഐസിടി സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- വായനാശേഷി വളർത്തുക.
- കവികളെയും മഹാന്മാരെയും പരിചയപ്പെടുത്തുക.
- വ്യക്തി വായനയും സംഘവായനയും പ്രോത്സാഹിപ്പിക്കുക.
- സംഭാഷണ ക്ലാസുകൾ ഡിബേറ്റ് എന്നിവ സംഘടിപ്പിക്കുക.

### സംസ്കൃതം

- എല്ലാ കുട്ടികളെയും എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക.
- സാഹിത്യ അഭിരുചി വളർത്തുക.
- സംസ്കൃത ഉത്സവത്തിൽ പങ്കാളികളാക്കുക.
- ശില്പശാല.
- സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
- ഭാഷാ ശേഷി വർധിപ്പിക്കുക.

### ENGLISH

- To develop listening skills and reading skills.
- To develop the creative speaking and writing.
- To express thoughts and feelings.
- To improve presentation skills.
- Use language lab.

### ഹിന്ദി

- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.
- ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം നൽകുക.
- എല്ലാ കുട്ടികളും അര്ഥപൂര്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- സാഹിത്യ അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിയാക്കുക.

## അടിസ്ഥാന ശാസ്ത്രം

- കുട്ടികളിൽ ശാസ്ത്ര ആഭിമുഖ്യം വളർത്തുക.
- പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനം കൂടുതൽ രസകരമാക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ കുട്ടികളെ അഭ്യസിപ്പിക്കുക.
- ശാസ്ത്ര പഠനം അനുഭവങ്ങളിലൂടെ.
- ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിച്ചു എന്ന് ഉറപ്പാക്കൽ

## സാമൂഹ്യ ശാസ്ത്രം

- സാമൂഹ്യ ശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
- പഠനം കൂടുതൽ തനിമയുള്ളതാക്കുക.
- ചരിത്ര ശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറക്ക് കൈമാറുക.
- ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നു.
- പൊതു വിജ്ഞാനത്തിന് ഊന്നൽ നൽകുന്നു
- അർത്ഥപൂർണ്ണമായ ഭൂപട വായന നടത്തുന്നു.
- പഠന യാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുന്നു.
- ഓരോ യൂണിറ്റിലും നേടേണ്ടതായ പഠന നേട്ടങ്ങൾ നേടിയെന്ന് ഉറപ്പു വരുത്തുന്നു.
- ഐസിടി സാദ്ധ്യതകൾ പ്രയോജനപെടുത്തുന്നു
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പരിഗണിക്കൽ.

## ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
- ഐസിടി സാദ്ധ്യതകൾ ഗണിതത്തിനായി പ്രയോജനപ്പെടുത്തുക.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അടിസ്ഥാന ഗണിത ആശയങ്ങൾ ഉറപ്പിക്കുക.
- ഗണിത ലാബ് വികസിപ്പിക്കുക.
- ഗണിത മേള സ്കൂൾ തലത്തിൽ നടത്തുക.
- രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്കെത്തിക്കുന്നു.

STD : I

# Academic Master Plan — English

| Aim | Activities | Time | Dutty | Finance |
|---|---|---|---|---|
| • Provide plenty of opportunities to hear English language. | - Cartoon Videos<br>- Audio of Stories, Songs rhyming words etc. | June – March | Teachers Parents | School |
| • Provide opportunity to express their ideas in English | - Let's talk interaction with english teachers<br>- English balasabha<br>- English assembly.<br>- Classroom activities like role play | June – March | Teacher peer groups | |
| - Encourage them to handle english language with full freedom. (Reading, writing, Speaking etc) | - creative writing<br>- Hello english activities<br>- Listening to music and Videos.<br>- watching english Cartoons | June – March | Teacher | |

| | | | | |
|---|---|---|---|---|
| - write their ideas in English without making mistakes | - Group activities<br>- Making simple posters<br>- writing thoughts<br>- Adding more lines to a poem. | June March | | |
| . To read and write english fluently (creative reading and writing) | . Reading cards, Picture charts, cards etc.. story books.<br>- class library, reading corner.<br>- Role play<br>- Use of discourses | June - March | Teachers | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ , ക്ലാസ് 1 മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം.. | * കഥകളും പാട്ടുകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | ജൂൺ | ക്ലാസ് ടീച്ചർ<br>,, |
| | * ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ. | ജൂലൈ | |
| | * ചിത്രകാർഡ് നൽകൽ. | ജൂലൈ - മാർച്ച്<br>ആഗസ്റ്റ് - മാർച്ച് | ,, |
| | * വായനാസാമഗ്രികൾ നിർമ്മിക്കൽ. | ,, | |
| | * ചിത്രവായന. | ,, | ,, |
| | * ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഒരുക്കുന്നു. | ,,<br>,, | ,, |
| | * ചിത്ര വിവരണം. | ,, | |
| | * ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു. | ,, | ,, |
| | * കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ. | ,, | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു. | * പാട്ടുകൾ, പ്രകൃതി നടത്തം, യാത്രാ വിവരണം, ഭാഷണം ഇവയിലൂടെ ലേഖനത്തിന് അവസരം ഒരുക്കുന്നു.<br>* വരികൾ കൂട്ടിച്ചേർത്ത് പാടുന്നു; എഴുതുന്നു.<br>* കുട്ടികളുടെ അനുഭവങ്ങൾ ഉൾക്കൊള്ളിച്ച് ചിത്രത്തോടുകൂടിയുള്ള ഡയറി. | ജൂലൈ - മാർച്ച്. | |

അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 1 ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| * 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു. | * ചിത്രവായന.<br>* വിരൽ ചിത്രങ്ങൾ.<br>* സംഖ്യാകാർഡ് നിർമ്മാണം. | ജൂൺ - മാർച്ച് | ഗണിത അധ്യാപിക |
| * കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | * ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. | ” | ” |
| * രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | * സംഖ്യാമാല പൂർത്തിയാക്കൽ.<br>* പാറ്റേൺ പൂർത്തിയാക്കൽ.<br>* നിറം നൽകൽ. | ” | ” |
| * ഒറ്റസംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ. | * വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ [പാമ്പും കോണിയും, ഡയസ് കളി കസേര കളി] | ” | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| *രണ്ട് അക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം, സംഖ്യാ വ്യാഖ്യാനം എന്നിവയിൽ എത്തിച്ചേരുന്നതിന് | *ഗണിതത്തിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതക്രിയകളിൽ ഏർപ്പെടൽ. * ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | |

ആമുഖം

St. John's U P S കല്ലൂർ സ്കൂളിൽ 2025-2026 അധ്യയന വർഷം ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ ശേഷികൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ എഴുതി പ്രകടിപ്പിക്കുന്നതിനും കഴിവ് നേടുന്നു.

- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറിയിലൂടെ തുടർച്ചയായും കുട്ടികൾ സ്വതന്ത്രരചനകൾ അവതരണവും ചെയ്യുക.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്രസർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
- കുട്ടികൾ സ്വയംപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.
- സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു. രീതി വിശദീകരിക്കുന്നു.
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള സമഗ്ര പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠന പ്രവർത്തനങ്ങളിൽ അനുയോജ്യമാം ചേർത്ത് നടപ്പാക്കൽ.
- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്റ്റിവിറ്റി പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമാക്കി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

ഉപമേഖല - ഭാഷ ക്ലാസ് - II

| പഠനലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം. | • കഥകളും പാട്ടുകളുമായി കുട്ടികളെ സംഘടിപ്പിക്കൽ<br>• ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ<br>• ചിത്രവായന, വായനാസാമഗ്രികൾ നിർമ്മിക്കൽ<br>• കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ. | ജൂൺ - മാർച്ച്. | |
| ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു. | • പാട്ടരങ്ങ്, പ്രകൃതിനടത്തം, റിപ്പോർട്ട് തയ്യാറാക്കൽ, യാത്രാവിവരണം, ഭാഷണം ഇവയിലൂടെ ലേഖനത്തിന് അവസരം ഒരുക്കുന്നു.<br>• വരികൾ കൂട്ടിച്ചേർത്ത് പാട്ട് പൂർത്തിയാക്കുന്നു.<br>• കുട്ടികളുടെ അനുഭവങ്ങൾ ഉൾക്കൊള്ളിച്ച് ചിത്രത്താളുകളുടെ രചന. | ജൂൺ - മാർച്ച്. | |

| | | |
|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനമികവ് | • ഏകാങ്കനാടകം കടങ്കഥം പാഠരചനയിലൂടെ നടക്കുന്ന രചനാ ക്യാമ്പുകൾ | ഒക്ടോബർ |
| | • പഠനപതിപ്പുകൾ തയ്യാറാക്കൽ | നവംബർ |
| സർഗ്ഗാത്മകതയെ തട്ടിയുണർത്താം | • രചനാ ശില്പശാല, ആസ്വാദനം, കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി. |
| | ക്ലാസ്സ് പത്രം | ഫെബ്രു- മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയം : ഗണിതം

ക്ലാസ് : 2

ലക്ഷ്യം : -1

2-ാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 999 വരെയുള്ള സംഖ്യകൾ എഴുതുവാനുള്ള ശേഷികൾ ഉറപ്പിക്കൽ.

| Sl No | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | * സംഖ്യകൾ എഴുതിയ കാർഡ് നൽകുന്നു.<br>* കിട്ടിയ സംഖ്യ വായിക്കുന്നു.<br>* മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ-സെപ്തംബർ | * ആരോഹണ അവരോഹണ ക്രമത്തിൽ സംഖ്യകൾ എഴുതുന്നു (ക്രമത്തിലാക്കുക)<br>* പാറ്റേൺ പൂർത്തിയാക്കാം |
| 3 | | * വിവിധ സംഖ്യാ പാറ്റേണുകൾ പൂർത്തിയാക്കുന്നു. |

ലക്ഷ്യം -2

ക്ലാസിലെ എല്ലാ കുട്ടികൾക്കും മൂന്നക്കസംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

| Sl No | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | ക്രമീകരിക്കുക<br>* സംഖ്യകളെ പറയുന്നതനുസരിച്ച് അബാക്കസിൽ ക്രമീകരിക്കുന്നു<br>* അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു. വ്യാഖ്യാനിക്കുന്നു. |
| 2 | ജൂൺ - സെപ്റ്റംബർ | * ഓരോ കുട്ടിയും ഇഷ്ടമുള്ള സംഖ്യ ബോർഡിൽ എഴുതാം.<br>* ഗ്രൂപ്പായി തിരിച്ച് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു.<br>* . കൂട്ടങ്ങളാക്കാം<br>കളി നോട്ടുപയോഗിച്ച് 1ന്റെയും 10ന്റെയും 100ന്റെയും കൂട്ടങ്ങളാക്കുന്നു.<br>* കളി നോട്ടുകൾ ഉപയോഗിച്ച് കളിക്കുന്നു. |

ലക്ഷ്യം - 3

ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും സങ്കലനം, വ്യവകലനം, ഗുണനം ക്രിയകൾ ഉറപ്പിക്കുന്നു.

| Sl No | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂലൈ - ഫെബ്രുവരി | വിവിധ ക്രിയകൾ അടങ്ങിയ |

പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

* കുട്ടികൾക്ക് സംഖ്യ നമ്പറുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
* കുട്ടികൾക്ക് നൽകിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരമാണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കുന്നു.

ക്രിയകൾ ചെയ്യാം

* അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. വിവിധ ക്രിയകൾ അടങ്ങിയ നമ്പറുകൾ കുട്ടികൾക്ക് തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
* ക്രിയ ചെയ്ത് അതിന്റെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ (ഹിന്ദി: U.P)

1. ഹിന്ദി വായന:

ലക്ഷ്യം- യു.പി തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം.

പ്രവർത്തനങ്ങൾ:

- ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ- കുട്ടികളുടെ അധിക വായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും.
- വലിയ അക്ഷരങ്ങളോടുകൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥ-ബുക്കുകൾ, ചിത്രകഥകൾ, ബാലമാസികകൾ എന്നിവ മുഖ്യമായും ഹിന്ദി സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായുള്ള പുസ്തകങ്ങളും ഗ്രന്ഥശാലയിൽ ലഭ്യമാക്കും.
- വായനാ കാർഡുകൾ തയ്യാറാക്കൽ- ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാ കാർഡുകൾ തയ്യാറാക്കും. ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, പക്ഷി മൃഗാദികൾ വൃക്ഷങ്ങൾ, എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കും.
- രാഷ്ട്രനേതാക്കൾ, ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പേരുകൾ ചേർത്ത് വായനക്കായി ഒരുക്കും.
- ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ച് വായനക്കായി തയ്യാറാക്കും.

ദേശീയഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ, എന്നിവയും സ്ഫുടമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കും.

- ബാലഗീതങ്ങൾ, കവിതാശകലങ്ങൾ, ലഘു പ്രസംഗങ്ങൾ എന്നിവയുടെ അവതരണത്തോടുകൂടി ക്ലാസ് ആരംഭിക്കും.

൨. ഹിന്ദി എഴുത്ത് :-

പ്രവർത്തനങ്ങൾ :-

- കോപ്പി ബുക്ക് - അധികവായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും.

- പ്രദർശന സാമഗ്രികൾ :- ഓരോ ക്ലാസിലും പ്രദർശിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ ചുമർ പത്രിക തയ്യാറാക്കും. A-4 പേപ്പറിൽ തയ്യാറാക്കുന്ന ഇത്തരം രചനകൾ കൂട്ടിച്ചേർത്ത് ക്ലാസ് മാസികകൾ തയ്യാറാക്കും.

൩. ഹിന്ദി അഭ്യാസം :-

പ്രവർത്തനങ്ങൾ :-

- വിദ്യാർത്ഥികൾക്ക് അവതരണ രംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കും: അവതരിപ്പിക്കുന്നതിനായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും സന്നിഹിതരായിരിക്കുന്ന വേദിയൊരുക്കും. മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കും വിധം അവതരണ പരിപാടികൾ നടത്തും.

4. ഹിന്ദി അസംബ്ലി :-

പ്രവർത്തനങ്ങൾ :.

നിശ്ചിത ഇടവേളകളിൽ ഹിന്ദി അസംബ്ലി നടത്തും - ചുമതല നിശ്ചിത ക്ലാസുകൾക്കായിരിക്കും.

പ്രാർത്ഥന, പ്രതിജ്ഞ, വാർത്താവായന, ആശംസാഗീതം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും. അവതരണത്തിനുള്ള അവസരം എല്ലാ വിദ്യാർത്ഥികൾക്കും നൽകും.

5. ഹിന്ദി മത്സരങ്ങൾ:-

പ്രവർത്തനങ്ങൾ:-

- ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും.

6. ദിനാചരണങ്ങൾ:-

പ്രവർത്തനങ്ങൾ:

• ഹിന്ദി ദിനം, പരിസ്ഥിതി ദിനം, ശിശുദിനം, എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി-ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും.

7. ഹിന്ദി ക്ലബ്:-

പ്രവർത്തനങ്ങൾ:-

വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ് രൂപീകരിക്കും.

വിദ്യാലയ തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, മറ്റ് കമ്മിറ്റി അംഗങ്ങൾ എന്നിങ്ങനെ അഞ്ച് ചുമതലക്കാർ ഉണ്ടാകും.

8. വിവര സാങ്കേതിക വിദ്യ:-

പ്രവർത്തനങ്ങൾ:-

ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ശ്രവ്യ, ദൃശ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവര സാങ്കേതിക വിദ്യ ഉപയോഗിക്കും.

10 ഹിന്ദി ഫെസ്റ്റ്:-

പ്രവർത്തനങ്ങൾ:

ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് നടത്തും. ഹിന്ദി ഭാഷയിലോ അധ്യാപനത്തിലോ പ്രസിദ്ധരായവരെക്കൊണ്ട് ഉദ്ഘാടനം നടത്തും.

യു. പി. ഹിന്ദി.

| ലക്ഷ്യം | കാലം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1, 5, 6, 7, ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ: ഹിന്ദി അക്ഷരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് തയ്യാറാക്കി കാണിക്കൽ എന്നിവ. | ഹിന്ദി അധ്യാപിക | |
| 2, ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | ,, | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി തുടങ്ങി ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ഹിന്ദി അധ്യാപിക | |

| ലക്ഷ്യം | കാലം | പ്രവർത്തനങ്ങൾ | ചുമതല | |
|---|---|---|---|---|
| 3. ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | പരമാവധി ഹിന്ദി മാത്രം ക്ലാസുകളിൽ ഉപയോഗിക്കും. ചെറിയ ചെറിയ കാര്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും.<br>വായനക്ക്:..<br>ഹിന്ദി തെറ്റിച്ച് അധ്യാപിക വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. | ഹിന്ദി അധ്യാപിക. | |

**അക്കാദമിക മാസ്റ്റർ പ്ലാൻ STD 2**

**മലയാളം**

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

🌾🌾🌾🌾🌾🌾

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

**മുന്നൊരുക്കം**

🌾🌾🌾🌾🌾

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

🍡🍡🍡🍡🍡🍡🍡🍡

🐤 രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ജൂൺ✨

🐥 ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

🐥ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

.🐥 വായനാ സാമഗ്രികൾ നിർമിക്കൽ

🐥 വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ✨

🐥 ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

🐥 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

🐥 സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്ത്

🐥 ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

🐥 രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

🐥 വീട്ടു ലൈബ്രറി ഒരുക്കൽ

🐥 ചിത്ര വിവരണം

🐥 വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

🌾🌾🌾🌾

🐥 വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

🐥 വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

🐥 വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

🐥 വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

✨✨✨✨✨

🖍️ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

🖍️ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

✨✨✨

🌾 കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

✨✨✨✨

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

✨✨✨✨

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

🌾🌾🌾🌾

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

🌼🌼🌼

🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

🍁 ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

🍁🍁🍁🍁🍁🍁🍁🍁🍁

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**ഗണിതം**

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

🍁പ്രവർത്തന ലക്ഷ്യങ്ങൾ

🌼 രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

🌼സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

🌼 ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

🌼 ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

🌼 ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

🌼 പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

**മുന്നൊരുക്കം**

🌼ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

🌼 പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

🌻1, 2, 3, 4 ......

1,3,5,7....

10,20,30,40,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

🌻 ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

🌻 ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

🌻 ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

🌻പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

🌻 വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

🌻 സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

🌻 ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

🌻 ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

🌻 വിലവിവരപട്ടിക തയ്യാറാക്കൽ

🌻 ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

ഒക്ടോബർ

🌻 രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

🌻 സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

🌻സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

🌻സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

🌻 പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

🌻 "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

🌻 നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

🌻സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

🌻സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

🌻 രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

🌻 വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

🌻 സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

🌻 ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

🌻 ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

'

🌻 കലണ്ടർ പതിപ്പ് തയ്യാറാക്കൽ

🌻 കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

🌻 കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

🌻 കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

🌻 ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

**Academic master plan**

**English**

Aim . : To speak, Read, & write English without any mistakes

Time - June ,July, August

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

## Standard: 3

## English - Master plan

**AIM-**

To speak, Read & write English without any mistakes

Time:- June to march.

To check the vocabulary and writing skills of pupils.

Activities

June and July

Pre test

To develop listening skills and reading skills.

Listening skills:

Games, Action songs.

- Hello English Activities
- conversations
- skit stories
- use ICT

speaking skills:-

Identify the naming words from the picture

- Identify the action words from the picture.

Make the simple sentences using the word about picture

Make simple description about the picture

-Growing sentences, . picture reading, self introductions

August and september

- Develop the creative speaking and writing

Reading skills

Books reading

Find words

Collect and read past tense

Rhyming words

TB Activities

Writing Skills

make word web

picture description

Word chain

Make words & Sentencess

Make riddles, conversations

Add more lines.

October and November ~

To express thoughts, feelings etc....

Reading skills

-Library book reading

- Conversations, skit, Stories, use ICT

Read notice

Develop story

Writing Skills

- Description
- Thoughts

• December and January.

Develop the creative speaking and writing.

Reading skills

- Library books reading
- Conversations ,skit Stories use ICT
- Develop story
- Reads dairy

Writing Skills

Dairy

Announcement

• February and march

To improve the presentation power.

Reading Skills

Library books reading

Conversations, skit Stories

Develop story.

Writing Skills:

- Dairy
- Descriptions
- Thoughts
- Exibition.
-

**മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ – സ്റ്റാൻഡേർഡ്: 3 (2025–26)**

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

കാലക്രമം:

ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ:

🌸ശബ്ദശേഖരം (Vocabulary) വർദ്ധിപ്പിക്കൽ

🌸എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ

ജൂൺ & ജൂലൈ

🌸 Pre-test

🌸നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക

Activities

🌸ഭാഷാ ഗെയിമുകൾ, 🌸ആക്ഷൻ സോംഗ്സ്

🌸ഭാവാത്മക വായന

🌸കഥപറയൽ

🌸അധ്യാപിക ഭാവാത്മമായി പറയുന്ന കഥകൾ കേൾക്കൽ

🌸ഐ.സി.ടി. (ICT) ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

സംസാരശേഷി:

🌸ചിത്രവായന

🌸കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം

🌸അനുഭവ വിവരണം

🌸ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക

🌸ചിത്ര വിവരണം

ഓഗസ്റ്റ് & സെപ്റ്റംബർ

ലക്ഷ്യം:

സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക

വായനശേഷി:

